# രാജഭരണത്തിൽ നിന്ന് കമ്മ്യൂണിസത്തിലേക്ക്

റൊമാനിയ, ഇളം വെയിലിൽ കമ്മ്യൂണിസ്റ്റ് ഭരണത്തിന്റെ പ്രതീകങ്ങളായി കല്ലറയിൽ പൂക്കൾ തിളങ്ങുന്നു. ആകാശത്ത് ആലസ്യംപൂണ്ട മഴമേഘങ്ങൾ ഇരുൾ പരത്തികൊണ്ടിരുന്നു



**കാരൂർ സോമൻ**

യാത്രകൾ ആത്മാവിനെ കണ്ടെത്താൻ സഹായിക്കുന്നു. പച്ചിലകളാൽ പൊതിഞ്ഞു നിൽക്കുന്ന ഭയാനകമായ ഡ്രാക്കുള കോട്ടയിൽ നിന്ന് ഞങ്ങൾ ബുക്കാറെസ്റ്റിലേക്ക് യാത്ര തിരിച്ചു. കോട്ടക്കുള്ളിലെ മിഴിച്ചുനോക്കുന്ന സ്ത്രീ പുരുഷന്മാരുടെ ചോരക്കണ്ണുകൾ മനസ്സിൽ മായാതെ നിന്നു. ഭൂമിയെ പൂജിക്കാനെന്ന പോലെ മരങ്ങളിൽ നിന്ന് പൂക്കൾ കൊഴിഞ്ഞുവീണു. അകലെ കാണുന്ന മരങ്ങൾക്കിടയിൽ അന്ധകാരമാണ്. സൂര്യപ്രകാശം മങ്ങി വന്നു. പടിഞ്ഞാറേ ചക്രവാളം തിളങ്ങാൻ തുടങ്ങി. മനസ്സ് നിറയെ കണ്ണഞ്ചിപ്പിക്കുന്ന പർവ്വത നിരകൾ. ലോകസഞ്ചാരികളുടെ ആകർഷണ കേന്ദ്രമായ ഡ്രാക്കുള കോട്ട കാണാൻ സാധിച്ചതിൽ സന്തോഷം തോന്നി. യൂറോപ്പിന്റ മധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന കാർപ്പാത്തിയൻ പർവ്വതനിരകൾ 51% റൊമാനിയയിലും ബാക്കി ഭാഗങ്ങൾ ചെക്ക് റിപ്പബ്ലിക്ക്, പോളണ്ട്, സ്ലൊവാക്യ, യുക്രൈൻ, ഹംഗറി, സെർബിയയിലും സ്ഥിതിചെയ്യുന്നു. റഷ്യ കഴിഞ്ഞാൽ യൂറോപ്പിലെ കന്യക വനങ്ങളുടെ ഏറ്റവും വലിയ രണ്ടാമത്തെ പ്രദേശമാണ് റൊമാനിയ. റൊമാനിയയിലെ ഏറ്റവും ഉയർന്ന കൊടുമുടിയാണിത്. ( 2,500 മീറ്ററിനും (8,200 അടി) 2,550 മീറ്ററിനും (8,370 അടി).

ബുക്കാറെസ്റ്റിലെത്തിയപ്പോൾ രാത്രി ഒൻപത് കഴിഞ്ഞു. നഗര കേടാവിളക്കുകൾ ദൃഷ്ടികളുറപ്പിച്ച് നിർന്നിമേഷയായി സഞ്ചാരികളെ നോക്കിയിരുന്നു. ഞാനും റെജി നന്ദികാട്ടും ഡോ.റോഷൻ ജോണിനോട് വിടപറഞ്ഞു. ഞങ്ങൾ താമസിക്കുന്ന മൈക്കിൾയ്ഞ്ചോലോ ഹോട്ടലിലേക്ക് നടന്നു. നഗരത്തിന്റെ പല ഭാഗങ്ങളും ചുവന്ന്



തിളങ്ങി നിന്നു.

ഭൂമണ്ഡലത്തെ അധീനമാക്കിയ ഇരുൾ മറഞ്ഞു. പ്രഭാത ഭക്ഷണങ്ങൾ കഴിഞ്ഞ്, ഞങ്ങൾ എട്ടുമണിക്ക് തന്നെ റെവല്യൂഷൻ സ്ക്വയറിലേക്ക് തിരിച്ചു. റോഡിരികിലുള്ള കടകൾ പലതും അടഞ്ഞുകിടന്നു. ഗൈഡ് അപ്പൊസ്റ്റൽ ഞങ്ങളെയും കാത്ത് സ്ക്വയറിൽ നിൽപ്പുണ്ടായിരുന്നു. ഞങ്ങളെ കണ്ടയുടനെ അയാളുടെ ഭാഷയിൽ ചോദിച്ചു. 'സി മായി ഫാസി' (സുഖമാണോ) ഞാൻ 'ഗുഡ്' എന്ന് മറുപടി കൊടുത്തു. എന്റെ അറിവില്ലായ്മകൊണ്ട് കഴിഞ്ഞ ദിവസം അപ്പോസ്റ്റലിനോട് ഏതാനും റൊമാനിയൻ ഭാഷ പറഞ്ഞതുകൊണ്ടാണ് എന്റെ നേരെ അവരുടെ ഭാഷ തൊടുത്തുവിട്ടത്. മലയാളിക്ക് പൊതുവിൽ ഒരു പൊങ്ങച്ച സ്വഭാവമുണ്ടല്ലോ. അതാണ് അവരുടെ ഭാഷ പറയാൻ എന്നെ പ്രേരിപ്പിച്ചത്. ആ കൂട്ടത്തിൽ ആഭരണങ്ങളൊന്നുമണിയാത്ത രണ്ട് സുന്ദരികളെയും കണ്ടു. അവരുടെ വിടർന്ന മിഴികളിൽ നിന്ന് പ്രസരിക്കുന്ന പ്രകാശം പ്രഭാത കിരണങ്ങളെ പോലെ തിളങ്ങി. ഇളം തണുത്ത കാറ്റിൽ അവരുടെ മുടിയിഴകൾ പാറിപ്പറന്നു. പ്രധാന റോഡിലൂടെ പോകുന്ന കുതിരപ്പടയുടെ ചെകിടടപ്പിക്കുന്ന കുളമ്പടിയൊച്ച കാതുകളിലെത്തി. റൊമാനിയൻ വിപ്ലവകാലത്ത് ഇവിടെ എത്രയോ കുതിരപ്പടകൾ ഇളകിമറിഞ്ഞതാണ്. റൊമാനിയൻ കമ്മ്യൂണിസ്റ്റ് സ്വേച്ഛാധിപതി നിക്കോള സ്യൂസെസ്കുവും മഹാറാണിയെ പോലെ ജീവിച്ച ഭാര്യ എലീനയുടെയും ഏറ്റവും ആവേശകരമായ കുറ്റകൃത്യ കഥ ഗൈഡ് അപ്പൊസ്റ്റൽ വിവരിക്കുന്നത് കേട്ടു നിന്നു.

പ്രസിഡന്റ് നിക്കോളെ സിയോസെസ്ക്യൂ നീണ്ട വർഷങ്ങൾ കയറിയിറങ്ങിയ കെട്ടിടത്തെ ചൂണ്ടി കാണിച്ചിട്ട് പറഞ്ഞു. ഈ കെട്ടിടം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സെൻട്രൽ കമ്മിറ്റി ഓഫീസായിരുന്നു. ഇന്നത് സർക്കാർ ഓഫീസുകളാണ്. മുൻപ് പാലസ് സ്ക്വയർ എന്നാണ് റെവല്യൂഷൻ സ്ക്വയർ (ചത്വരം) അറിയപ്പെട്ടത്. ഞാൻ ചുറ്റുപാടുകൾ കണ്ണോടിച്ചു. ഒരു രാജധാനിയുടെ സൗന്ദര്യമോ മഹത്വമോ ഒന്നുമില്ല. ഒരിടത്ത് ഏതാനും മരങ്ങൾ അതിൽ കുറെ പ്രാവുകൾ. മറ്റൊരു മരത്തിൽ വെള്ളപ്പൂക്കൾ വിടർന്നു നിൽക്കുന്നു. മധ്യഭാഗത്ത് ഒരു പ്രതിമ കണ്ടു. രാജാവ് കരോൾ കുതിരപ്പുറത്തിരിക്കുന്നു. ഒരിടത്ത് വെള്ളം ചീറീപായുന്ന ഒരു ഫൗണ്ടനുണ്ട്. മഴവില്ലിന്റെ നിറം കാണണമെങ്കിൽ രാത്രിയിൽ വരണമെന്ന് ഗൈഡ് പറഞ്ഞു. മുന്നോട്ട് നടന്നാൽ വലതുഭാഗത്തായി വലിയൊരു സ്തൂപമുണ്ട്. അതിനടുത്താണ് ഗാലറിയ ഡി ആർട്ട് യൂറോപ്പിനെയുണ്ട്. ഇവിടെ അനോനിം സ്കോളയുടെ ഇരിക്കുന്ന ഒരു പ്രതിമയുണ്ട്. സൈക്കിൾ യാത്രികർക്കും നടക്കുന്നവർക്കും ബസ്സുകൾക്ക് സഞ്ചരിക്കാൻ പ്രത്യേക പാതകളുണ്ട്. സൂര്യന്റെ രഥചക്രം ഓടിത്തുടങ്ങി.

റൊമാനിയയുടെ തലസ്ഥാനം ബുക്കാറെസ്റ്റ് വളരെ തിരക്കുള്ള നഗരമാണ്. ഈ നഗരഭാഗം ചരിത്രപരവും സാംസ്കാരികവുമായ നാഴികക്കല്ല് മാത്രമല്ല റൊമാനിയയുടെ അമൂല്യ സമ്പത്തുകളിലൊന്നാണ്. ഇതിനടുത്താണ് റോയൽ പാലസും സെനറ്റ് പാലസും സ്ഥിതിചെയ്യുന്നത്. കമ്മ്യൂണിസം ഇവിടേക്ക് കടന്നുവന്നത് സോഷ്യലിസം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെയാണ്. കമ്മ്യൂണിസ്റ്റ് പ്രസിഡന്റ് നിക്കോളെ സിയോസെസ്ക്യൂ ഭരണകൂടത്തിന്റെ പ്രതാപകാലവും പതനവും ഇവിടെ നിന്നാണ് ആരംഭിക്കുന്നത്. ഒരു ബസ്സ് ഞങ്ങൾക്കടുത്തുള്ള റോഡിൽ നിർത്തി അതിൽ നിന്ന് സഞ്ചാരികൾ ഇറങ്ങി വരുന്നു. അവർ മറ്റെന്തോ കാഴ്ച്ചകൾ കാണാനായി നടന്നു.

ഞങ്ങൾ നിന്ന റെവല്യൂഷൻ സ്ക്വയറിലേക്ക് പലയിടത്ത് നിന്ന് സഞ്ചാരികൾ എത്തിക്കൊണ്ടിരുന്നു. പ്രസിഡന്റ് നിക്കോളെ പ്രസംഗിച്ച കെട്ടിടത്തിന്റ മുൻഭാഗം പലരും ക്യാമറയിൽ പകർത്തുന്നു. കെട്ടിട വാതിലിന്റെ ഇരു ഭാഗങ്ങളിലും രാജ്യത്തിന്റെ പതാക കാറ്റിലാടുന്നു. റൊമാനിയക്കാർ അവരുടെ ചരിത്രത്തെ വളരെ അഭിമാനത്തോടെയാണ് കാണുന്നത്. അത് മറ്റ് രാജ്യങ്ങളെക്കാൾ മെച്ചമെന്ന് പറയാൻ സാധിക്കില്ല. അതത്ര ശുദ്ധമോ കുറ്റമറ്റതോ അല്ല. രാജഭരണകാലത്ത് ജനങ്ങൾ ധാരാളം ക്രൂരപ്രവൃത്തികൾ കണ്ടു വളർന്നവരാണ്. റൊമാനിയക്കാരെ സംബന്ധിച്ച് 'ഹിസ്ട്രോയ്' എന്നാൽ ജീവൻ എന്നാണ്. റൊമാനിയയ്ക്ക് സമ്പന്നമായ ഒരു ഭൂതകാലമാണുള്ളത്.

ഡാന്യൂബ് നദിയും കാർപാത്തിയൻ പർവ്വതനിരകളും ഇവിടുത്തുകാരുടെ സംസ്കാരത്തിന്റെ ഭാഗമാണ്. ഡാന്യൂബും കാർപാത്തിയൻ പർവതങ്ങളും, ഗ്രാമീണ കർഷകർക്കൊപ്പം, മോൾഡേവിയയിലെ നയനമനോഹരങ്ങളായ ആശ്രമങ്ങളും, ഡെൽറ്റയും കരിങ്കടലും, ക്രിക്കോവയുടെ മുന്തിരി തോപ്പുകളും കപ്രിയാനയുടെ മണികളും, അപ്പുസെനിയുടെ സ്വർഗ്ഗത്തെപോലും കീഴ്പ്പെടുത്തുന്ന സ്വർണ്ണം പൂശിയ എമിനെസ്ക്യൂ, പർവ്വതനിരകളിൽ ശത്രുക്കൾക്ക് കിഴ്പ്പെടുത്താൻ കഴിയാത്ത വൻ കോട്ടകൾ, കുന്നുകൾ, മലകൾ, പുഴകൾ അങ്ങനെ എല്ലാമെല്ലാം ആകർഷകങ്ങളാണ്. ഗൈഡ് പറഞ്ഞതൊക്കെ സത്യമാണ്. അതിൽ പലതും ഞാൻ കണ്ടതും മനസ്സിൽ ആഹ്ളാദം പകരുന്നതു മായിരുന്നു.

റഷ്യയുടെ സമ്മർദ്ദത്താൽ 1945 മാർച്ചിൽ കമ്മ്യൂണിസ്റ്റ് നേതാവായിരുന്ന പെട്രൂ ഗ്രോസയുടെ നേതൃത്വത്തിൽ സോവിയറ്റ് അനുകൂല സർക്കാരിനെ നിയമിക്കാൻ മൈക്കിൾ ഒന്നാമൻ രാജാവ് നിർബന്ധിതനായി. എന്നാൽ, 1945 ഓഗസ്റ്റ് മുതൽ 1946 ജനുവരി വരെ ഗ്രോസയുടെ കമ്മ്യൂണിസ്റ്റ് നിയന്ത്രിത സർക്കാരിനെ ജർമ്മനിയുടെ സഹായത്തോടെ രാജാവ് എതിർക്കാനാരംഭിച്ചു. സർക്കാർ ഉത്തരവുകളിൽ ഒപ്പിടാനും അംഗീകരിക്കാനും വിസമ്മതിച്ചു. റൊമാനിയയുടെ അവസാന രാജാവായിരുന്ന മൈക്കിൾ ഒന്നാമൻ കമ്മ്യൂണിസ്റ്റുകളുടെ എതിർപ്പിനെ തുടർന്ന് 1947 ഡിസംബർ 30 ന് നിർബന്ധിത സ്ഥാനത്യാഗം ചെയ്യേണ്ടി വന്നു. ദുഃഖിതനായ രാജാവ് വനാന്തരത്തിലെ തടാകതീരത്ത് നിരാശനായി നടന്നു. ഒടുവിൽ രാജ്യം വിടേണ്ടി വന്നു. ജീവിതത്തിന്റെ ഭൂരിഭാഗവും പ്രവാസജീവിതം നയിച്ചുവെങ്കിലും റൊമാനിയൻ ജനതയുടെ ഹൃദയത്തിൽ ഇടം നേടിയ രാജാവായിരുന്നു. കമ്മ്യൂണിസ്റ്റ് ഭരണം മാറിമറിഞ്ഞു. 1965 മുതൽ 1989 വരെ നിക്കോളെ സ്യൂസെസ്ക്യൂ തുടങ്ങിയ കമ്മ്യൂണിസ്റ്റ് നേതൃത്വം അധികാരം പിടിച്ചെടുത്തു. ജനങ്ങൾ മതിമറന്ന് സന്തോഷിച്ചു. ശിരസ്സിൽ തലപ്പാവ് ധരിച്ച രാജ്യസേവകരുടെ മധ്യത്തിൽ സ്യൂഷെസ്ക്യൂ രാജകൊട്ടാരം പോലുള്ള പാർലമെന്റ് മന്ദിരത്തിലും വർണ്ണോജ്ജ്വലമായ സ്വന്തം കൊട്ടാരത്തിലും ജനങ്ങളുടെ നികുതിപ്പണത്തിൽ ആഡംബരജീവിതം നയിച്ചു. സ്വന്തം വാഹനം പോകാൻ രാജവീഥികൾപോലുള്ള റോഡുകൾ പണികഴിപ്പിച്ചു. ആ വഴികളിലൂടെ ഞങ്ങളും സഞ്ചരിച്ചിരുന്നു. കൊട്ടാരത്തിലെ സുന്ദരിമാർക്ക് വിലപ്പിടിപ്പുള്ള ദ്രവ്യങ്ങൾ ഉപഹാരമായി സമ്മാനിച്ചു. എന്റെ മനസ്സിൽ നിറഞ്ഞു നിന്നത് അദ്ദേഹത്തിന്റ ഭരണകാലത്താണ് ലോകത്തിലെ ഏറ്റവും വലിയ ചരിത്രപരവും മനോഹരവുമായ പാർലമെന്റ് കൊട്ടാരം തീർക്കുന്നത്. അതിനുള്ളിലെ കൗതുകകരമായ കാഴ്ചകൾ അത്ഭുതാവഹമാണ്. യഥാർത്ഥ കമ്മ്യൂണിസ്റ്റുകളെ ഒഴിവാക്കി തൊഴിലാളിവർഗ്ഗത്തിന്റെ ഇഷ്ടാനിഷ്ടകൾക്കനുസരിച്ച് സ്വേച്ഛാധിപത്യം തുടർന്നതാണ് അദ്ദേഹത്തിന് വിനയായത്.

അധിനിവേശശക്തികളെ പോലെ ജനസംസ്കാര പൈതൃകജീവിതത്തിന് ഹാനിവരുത്തുന്ന വിധമാണ് പ്രസിഡന്റ് ഭരണം നടന്നത്. ജനങ്ങളുടെ പ്രശ്നങ്ങളിൽ നിന്ന് പ്രസിഡന്റ് ഒളിച്ചോടികൊണ്ടിരുന്നു. രാജ്യത്തെ എല്ലാ ഭരണാധികാരവും കോടതികളടക്കം പ്രസിഡന്റിന്റെ ആജ്ഞാനുസരണം പോകണമെന്നായി. ഇതെല്ലാം ജനങ്ങൾ സൂക്ഷ്മനിരീക്ഷണം നടത്തി കൊണ്ടിരുന്നു. വിമർശിക്കുന്നവരെയെല്ലാം തൊഴിലാളിവർഗ്ഗത്തിന്റെ പേരിൽ വർഗ്ഗ ശത്രുക്കൾ, രാജ്യദ്രോഹികളായി മുദ്രകുത്തി ജയിലിലടച്ചു. അവരിൽ ബുദ്ധിജീവികൾ, സാഹിത്യപ്രതിഭകൾ, പുരോഹിതന്മാർ, ഉദ്യോഗസ്ഥർ, പ്രതിപക്ഷ രാഷ്ട്രീയ നേതാക്കളുമുണ്ടായിരുന്നു. പോലീസ് പീഡനത്തിൽ ആയിരക്കണക്കിന് നിരപരാധികൾ കൊല്ലപ്പെട്ടു. രാജ്യമെങ്ങും കലഹങ്ങൾ പൊട്ടിപ്പുറപ്പെട്ടു. രാജ്യത്ത് ദാരിദ്ര്യവും പട്ടിണിയും വർദ്ധിച്ചു. ഗൈഡ് ഇതൊക്കെ വിവരിച്ചു പറഞ്ഞപ്പോൾ എന്റെ മനസ്സിലുദിച്ച ഒരു ചോദ്യം. അധികാരത്തിലെത്തിയാൽ ഇത്തരത്തിലുള്ള മനുഷ്യർ എങ്ങനെ കാട്ടുമനുഷ്യരായി മാറുന്നു? ഓർത്തഡോക്സ് സഭ ഇതര ക്രിസ്ത്യൻ സഭകൾ ഒരുമിച്ച് കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിനെതിരെ പ്രതിഷേധമുണർത്തി. രാജ്യത്തെ യുവജനങ്ങളുടെ നേതൃത്വത്തിൽ 150,000 ആളുകൾ ബുക്കാറെസ്റ്റിൽ കമ്മ്യൂണിസ്റ്റ് വിരുദ്ധ പ്രതിഷേധം സംഘടിപ്പിച്ചു.

അധികാരഭ്രാന്തനായിരുന്ന സിയോസെസ്കു ജനങ്ങളെ ഭയന്ന് ഭാര്യ എലീനക്കൊപ്പം ഹെലികോപ്റ്ററിൽ രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും റൊമാനിയയുടെ വ്യോമാതിർത്തിയിൽ പറക്കുന്നത് നിയന്ത്രിച്ചിരുന്ന സൈന്യം നിരത്തിലിറങ്ങാൻ ആവശ്യപ്പെട്ടു. ഇല്ലെങ്കിൽ വെടിവെച്ചിടുമെന്ന് മുന്നറിയിപ്പ് കൊടുത്തു. പോലീസ്, പട്ടാളം, റേഡിയോ വാർത്തകൾ ശ്രവിച്ചുകൊണ്ടിരുന്നതിനാൽ സിയോസെസ്കുവിന് രക്ഷപെടാൻ സാധിച്ചില്ല. മണ്ണിൽ കാലുകുത്തിയാലുടൻ പോലീസ് അറസ്റ്റ് ചെയ്തു പട്ടാളത്തിന് കൈമാറി. വികാരഭരിതനായ അപ്പൊസ്റ്റോൾ ഇങ്ങനെ പറഞ്ഞു. ഡിസംബർ 25, 1989 ക്രിസ്മസ് പുലരി റൊമാനിയൻ ചരിത്രസംസ്കൃതിയുടെ പൂത്തുലയുന്ന ദിവസമാണ്. കർപ്പാത്തിയൻ മലമടക്കുകളിൽ താമസിച്ചിരുന്ന ഗ്രാമീണരും നഗരവാസികളും നേർത്ത മൂടൽമഞ്ഞിൽ ക്രിസ്മസ് ആനന്ദത്തോടെ ആഘോഷിച്ച ദിവസം. അന്നത്തെ താൽക്കാലിക സർക്കാരായ നാഷണൽ സാൽവേഷൻ ഫ്രണ്ടിന്റെ ഉത്തരവനുസരിച്ച് കോടതിക്ക് മുമ്പാകെ സിയൂസ്കസിനെ വിചാരണ ചെയ്തു. അനധികൃത സ്വത്ത് ശേഖരണം, അധികാര ദുർവിനിയോഗം, വംശഹത്യ, മനുഷ്യാവകാശ ലംഘനങ്ങൾ തുടങ്ങിയ കുറ്റങ്ങളാണ് ചുമത്തിയത്. ക്ഷുഭിതനായ സിയോസെസ്കു തന്നെ വിചാരണ ചെയ്യാനുള്ള കോടതിയുടെ അധികാരത്തെ നിരസിച്ചു. താൻ ഇപ്പോഴും നിയമപരമായി റൊമാനിയയുടെ പ്രസിഡന്റാണെന്ന് ഉറപ്പിച്ചു പറഞ്ഞു. വിചാരണയിലുടനീളം സിയോസെസ്കു കുറ്റക്കാരണെന്ന് കോടതി കണ്ടെത്തി വധശിക്ഷയ്ക്ക് വിധിച്ചു. ഭാര്യയുടെ ആവശ്യപ്രകാരം രണ്ട് പേരും ഒന്നിച്ചുമരിക്കാൻ തയ്യാറായി. പട്ടാളക്കാർ അവരെ പുറത്തുകൊണ്ടുപോയി വെടിവെച്ചുകൊന്നു. അങ്ങനെ 42 വർഷത്തെ കമ്മ്യൂണിസ്റ്റ് ഭരണത്തിന് അന്ത്യം കുറിച്ചു.

അവിടെ നിന്ന് ഞങ്ങൾ പോയത് മണിമേടകളിൽ കിടന്നുറങ്ങിയ നിക്കോളെയും എലീന സ്യൂഷെസ്കുവിനെയും അടക്കം ചെയ്ത ബുച്ചാറെസ്റ്റിലെ ഗെൻസിയ സെമിത്തേരിയിലേക്കാണ്. എല്ലാവരുടെയും മുഖത്ത് നിസ്സംഗത മാത്രം. വലിയ ആകർഷണീയതയില്ലാത്ത ശവകുടീരങ്ങളിലേക്ക് ഞാൻ കൗതുക പൂർവ്വം നോക്കി. മനുഷ്യരെ അടിമനുകത്തിൽ കെട്ടിയവർക്ക് ഒടുവിൽ ലഭിക്കുന്ന വാസയോഗ്യമായ ഇരുട്ടറകൾ. ഇവിടെയുള്ളവർ പാതാളഗുഹകൾ തീർത്ത് ഉന്മത്തരായി തുള്ളിച്ചാടട്ടെ. മനുഷ്യർക്ക് മുന്നിൽ തലകുനിക്കാത്ത ഏകാധിപതികളുടെ മക്കളെ ഹൃദയത്തോടെ ചേർത്തുവെച്ച് ചിന്തിച്ചാൽ അവരുടെ മനസ്സ് സംഘർഷഭരിതമാണ്. മൗനനൊമ്പരങ്ങളിൽ മാതാപിതാക്കളെ ഉള്ളിലിരുന്ന് ശപിക്കുന്ന മക്കൾ. ഇളം വെയിലിൽ കമ്മ്യൂണിസ്റ്റ് ഭരണത്തിന്റെ പ്രതീകങ്ങളായി കല്ലറയിൽ പൂക്കൾ തിളങ്ങുന്നു. ആകാശത്ത് ആലസ്യംപൂണ്ട മഴമേഘങ്ങൾ ഇരുൾ പരത്തികൊണ്ടിരുന്നു.

---

**ഡോ. പ്രതിഭ സുകുമാർ**
കൺസൾട്ടന്റ്
പീഡിയാട്രിക് സർജൻ
എസ്.യു.ടി. ആശുപത്രി
പട്ടം, തിരുവനന്തപുരം

# കുഞ്ഞുങ്ങളിലെ മൂത്രനാളി അണുബാധ: എങ്ങനെ തിരിച്ചറിയാം?

ആരോഗ്യം

കുട്ടികളിൽ സാധാരണയായി കണ്ടുവരുന്ന അണുബാധകളിൽ ഒന്നാണ് മൂത്രനാളിയിലെ അണുബാധ. നവജാതശിശുക്കൾ ഉൾപ്പെടെ എല്ലാ പ്രായക്കാരിലും ഇത് ഉണ്ടാകാം. അണുബാധയുടെ കാരണങ്ങൾ കുട്ടിയുടെ പ്രായത്തെയും അണുബാധയുടെ തീവ്രതയെയും ആശ്രയിച്ചിരിക്കുന്നു.

## രോഗ കാരണങ്ങൾ

1. നവജാതശിശുക്കളിൽ അല്ലെങ്കിൽ കുട്ടികളിൽ

* വെസിക്കോ-യൂറിറ്ററിക് റിഫ്ലക്സ്, പോസ്റ്റീരിയർ യൂറിത്രൽ വാൽവ്, ന്യൂറോജെനിക് ബ്ലാഡർ പോലുള്ള ജന്മനായുള്ള വൈകല്യങ്ങൾ.

2. മുതിർന്ന കുട്ടികളിൽ

* സ്ഥിരമായി മലബന്ധം, ക്രമരഹിതമായ ടോയ്‌ലറ്റ് ശീലങ്ങൾ, ജന്മനായുള്ള വൈകല്യങ്ങൾ, മൂത്രത്തിൽ കല്ല്.

## എത്ര തരം?

* താഴ്ന്ന ഭാഗത്തുള്ള മൂത്രാശയ അണുബാധ
* Cystitis or urethritis
* മുകൾ ഭാഗത്തെ മൂത്രനാളിയിലെ അണുബാധ
* Pyelonephritis

മുകൾ ഭാഗത്തെ മൂത്രനാളിയിലെ അണുബാധകൾ താരതമ്യേന ഗുരുതരമാണ്. അവയ്ക്ക് ആശുപത്രി പ്രവേശനവും ആന്റിബയോട്ടിക് കുത്തിവയ്പ്പുകളുടെ കോഴ്സും ആവശ്യമായി വരുന്നു. താഴ്ന്ന ഭാഗത്തുള്ള മൂത്രാശയ അണുബാധകൾ വളരെ സാധാരണമാണ്. പക്ഷേ ലക്ഷണങ്ങൾ ശ്രദ്ധിക്കാത്ത പക്ഷം കുട്ടിക്ക് അസുഖം മൂർച്ഛിക്കുവാൻ സാധ്യതയുണ്ട്.

## രോഗലക്ഷണങ്ങൾ

കുഞ്ഞുങ്ങൾക്ക് ഉയർന്ന പനി, ഛർദ്ദി, കരച്ചിൽ, ഭക്ഷണം നിരസിക്കൽ എന്നിവ ഉണ്ടാകാം. മൂത്രത്തിന്റെ നിറത്തിലോ മണത്തിലോ ഉള്ള മാറ്റത്തിനൊപ്പം മൂത്രമൊഴിക്കുമ്പോൾ കരയുകയോ ആയാസപ്പെടുകയോ ചെയ്യാം. മുതിർന്ന കുട്ടികൾക്ക് വിറയലോടുകൂടിയ പനിക്ക് പുറമേ വയറുവേദനയും ഉണ്ടാകും.

## രോഗനിർണ്ണയം

രക്തപരിശോധനയ്ക്ക് പുറമേ ലബോറട്ടറി പരിശോധനയിൽ യൂറിൻ റുട്ടീൻ എക്സാമിനേഷൻ, യൂറിൻ കൾച്ചർ ആൻഡ് സെൻസിറ്റിവിറ്റി ടെസ്റ്റ് എന്നിവ ഉൾപ്പെടുന്നു. രോഗം മൂർച്ഛിക്കുകയാണെങ്കിൽ ഉദരഭാഗത്തെ അൾട്രാസൗണ്ട് സ്കാനിംഗും ചെയ്യേണ്ടതായി വരും. ചില സാഹചര്യങ്ങളിൽ രോഗകാരണം കൃത്യമായി തിരിച്ചറിയുന്നതിനായി എക്സ്-റേ യും എംസിയു പോലുള്ള പ്രത്യേക പരിശോധനകളും വേണ്ടി വന്നേക്കാം.

കൾച്ചർ ടെസ്റ്റിനായി മൂത്രസാമ്പിൾ ശേഖരിക്കുമ്പോൾ പ്രത്യേകമായി സ്വീകരിക്കേണ്ട മുൻകരുതലുകൾ

ജനനേന്ദ്രിയം കഴുകുക. നീണ്ടനേരത്തേക്കോ ചർമ്മത്തിൽ സ്പർശിക്കുന്ന രീതിയിലോ മൂത്രസാമ്പിൾ ശേഖരിക്കുന്ന കണ്ടെയ്നർ തുറന്നിടുന്നത് ഒഴിവാക്കുക. മിഡ് സ്ട്രീം, ക്ലീൻ ക്യാച്ച് സാമ്പിൾ ശേഖരിക്കുന്നതാണ് അനുയോജ്യം. പ്രോസസ്സ് ചെയ്ത സാമ്പിൾ പരമാവധി 30 മിനിറ്റിനുള്ളിൽ ലാബിൽ എത്തിക്കുകയും വേണം. ആന്റിബയോട്ടിക്കുകൾ ആരംഭിക്കുന്നതിന് മുമ്പ് തന്നെ സാമ്പിൾ ശേഖരിക്കണം.



## ചികിത്സ

തുടർച്ചയായി വെള്ളം കുടിക്കുകയും ഇടയ്ക്കിടെ മൂത്രമൊഴിക്കുകയും ചെയ്യുക. ഇതിനു പുറമേ, പനിക്കുള്ള പാരസെറ്റമോൾ, ആന്റിബയോട്ടിക്കുകൾ എന്നിവ ആരംഭിക്കേണ്ടതായി വന്നേക്കാം. കൾച്ചർ ടെസ്റ്റ് ഫലത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ ആന്റിബയോട്ടിക്കുകൾ മാറ്റേണ്ടിവരും. അസുഖം തീവ്രതയിലേക്ക് എത്തുകയും നിർജ്ജലീകരണം സംഭവിക്കുകയുമാണെങ്കിൽ കുട്ടിയെ ആശുപത്രിയിൽ എത്തിക്കുകയും ഡ്രിപ്പ് നൽകുകയും വേണം.

പുരുഷന്മാരുടെ അഗ്രചർമ്മത്തിന് താഴെയുള്ള ശുചീകരണം ഉൾപ്പെടെ സ്വകാര്യ ഭാഗങ്ങളുടെ ശുചിത്വം ഉറപ്പാക്കേണ്ടതുണ്ട്. മലബന്ധം ഒഴിവാക്കുന്നതിന് പോഷകങ്ങൾ അടങ്ങിയ ഭക്ഷണ ക്രമവും ടോയ്‌ലറ്റ് പരിശീലനവും ആവശ്യമായി വരും. ആരോഗ്യകരമായ ഭക്ഷണക്രമവും ശീലങ്ങളും പിന്തുടരുന്നതിനോടൊപ്പം നേരത്തെയുള്ള രോഗനിർണ്ണയവും ചികിത്സയും ഗുരുതരമായ പ്രത്യാഘാതങ്ങൾ തടയുന്നതിന് സഹായിക്കുന്നു.